(ഡി) ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള ദൂരപരിധി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ; ഏതെല്ലാം അപേക്ഷകളിലാണ് ദൂരപരിധി വ്യവസ്ഥകൾ ഇളവുചെയ്തുകൊണ്ട് ലൈസൻസ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 3 സ്റ്റാറോ അതിൽ ഉയർന്ന പദവിയോ ഉള്ള ഹോട്ടലുകൾക്കും ഹെറിറ്റേജ് ഹോട്ടലുകൾക്കും ബാർ ലൈസൻസ് അനുവദിക്കാൻ തീരുമാനമായി. ലൈസൻസ് ഫീസ് 13 ലക്ഷം രൂപയിൽനിന്നും 15 ലക്ഷം രൂപയായും 15 ലക്ഷം രൂപയിൽനിന്ന് പിന്നീട് 18 ലക്ഷം രൂപയായും വർദ്ധിപ്പിച്ചു. ഇപ്പോൾ ലൈസൻസ് ഫീസ് 18 ലക്ഷമാണ്.

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് 461 ബാർ ഹോട്ടലുകളും 47 ബീയർ പാർലറുകളും ഉണ്ടായിരുന്നു. ഇപ്പോൾ ബാർ ഹോട്ടലുകളുടെ എണ്ണം 523-ഉം, ബീയർ പാർലറുകളുടെ എണ്ണം 53-ഉം ആണ്.

(സി) ബാർ ഹോട്ടലുകൾക്കുള്ള ലൈസൻസ് ലഭിക്കുന്നതിനായി 6 അപേക്ഷകളും ബീയർ പാർലറുകൾക്കുള്ള ലൈസൻസിനായി 13 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ടൂറിസം വകുപ്പിൽനിന്നും അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ കെ.റ്റി.ഡി.സി.യിൽനിന്നും ബീയർ പാർലർ ആരംഭിക്കുന്നതിനായി 3 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ഡി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അമ്പലം, പള്ളി, പട്ടികജാതി-പട്ടികവർഗ്ഗ കോളനി, പൊതുശ്മശാനം എന്നിവയിൽനിന്നും 200 മീറ്റർ ദൂരപരിധിക്കുപുറത്ത് ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് ലൈസൻസ് നൽകാവുന്നതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദൂരപരിധി ഇളവുചെയ്തുകൊണ്ട് ലൈസൻസ് നൽകിയിട്ടില്ല.

കള്ളുഷാപ്പുകളുടെ ലൈസൻസ് ഫീസ് വർദ്ധനവ്

46 [1876] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച 2005-2006-ലെ അബ്കാരി നയം പരമ്പരാഗത വ്യവസായമായ കള്ളുവ്യവസായത്തെ തകർക്കുന്നതാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കള്ളുഷാപ്പുകൾ ലേലംചെയ്തു നൽകുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കള്ളുഷാപ്പുകൾക്ക് ലൈസൻസ് ഫീസ് വർദ്ധിപ്പിച്ചെങ്കിൽ 2004-2005-ന്റേത് അപേക്ഷിച്ച് കള്ളുഷാപ്പുകൾക്ക് എത്ര ശതമാനം ലൈസൻസ് ഫീസാണ് വർദ്ധിപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇന്ത്യൻ നിർമ്മിത വിദേശമദ്യങ്ങൾ വിൽക്കുന്നതിന് ഹോട്ടലുകൾക്കും ബാറുകൾക്കും ലൈസൻസ് നൽകുന്നതിന് സർക്കാർ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അബ്കാരി നയം കള്ളുവ്യവസായത്തെ തകർക്കുന്നില്ല.

(ബി) കള്ളുഷാപ്പുകൾ ലേലംചെയ്യുന്ന സമ്പ്രദായം ഇപ്പോഴില്ല. ലൈസൻസിംഗ് സമ്പ്രദായമാണുള്ളത്. 2004-2005 വർഷം ലൈസൻസ് ചെയ്തിട്ടുള്ള എല്ലാ കള്ളുഷാപ്പുകളും പുതുക്കലിലൂടെ ഈ വർഷവും ലൈസൻസ് ചെയ്തു വരുന്നു. എന്നാൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ ലൈസൻസ് ഫീസുള്ള കള്ളുഷാപ്പുകളുടെയും ഇരുപതോ അതിൽക്കൂടുതലോ തൊഴിലാളികൾ ഉള്ള കള്ളുഷാപ്പുകളുടെയും ലൈസൻസ് ഫീസ് 15%-ഉം മറ്റുള്ള കള്ളുഷാപ്പുകളുടേത് 25%-ഉം ഉയർത്തിയാണ് ലൈസൻസ് ചെയ്തിട്ടുള്ളത്. പുതുക്കുന്ന കള്ളുഷാപ്പുകളുടെ ലൈസൻസുകൾ അബ്കാരി കേസിൽ ഉൾപ്പെടാൻ പാടില്ല എന്ന നിബന്ധനയും ഉണ്ട്. പുതുക്കലിൽ പോകാത്ത കള്ളുഷാപ്പുകൾ 23-3-2005-ലെ ജി.ഒ. (പി) 34/05/റ്റി.ഡി. നമ്പർ സർക്കാർ ഉത്തരവുപ്രകാരം സർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ള ലൈസൻസ് ഫീസ് പ്രകാരം വില്പന നടത്തുന്നു. തുടർന്നും വില്പനയിൽ പോകാത്ത ഷാപ്പുകളുടെ ലൈസൻസ് ഫീസ് ആദ്യഫീസിന്റെ 50%-ഉം തുടർന്ന് 25%-ഉം അവസാനം 500 രൂപയ്ക്കും നിശ്ചയിച്ച് വില്പന നടത്തുന്നു.

(സി) 2004-2005 വർഷത്തെ ലൈസൻസ് ഫീസ് ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള കള്ളുഷാപ്പുകളുടെയും ഇരുപതോ അതിൽക്കൂടുതലോ തൊഴിലാളികൾ ഉള്ള ഷാപ്പുകളുടെയും ലൈസൻസ് ഫീസ് 15% ആയും മറ്റുള്ള കള്ളുഷാപ്പുകളുടെ ലൈസൻസ് ഫീസ് 25%-ഉം ഉയർത്തിയിട്ടുണ്ട്.

(ഡി) 2005-2006 വർഷത്തെ അബ്കാരി നയത്തിൽ പുതിയ തീരുമാനങ്ങളൊന്നുംതന്നെ പ്രഖ്യാപിച്ചിട്ടില്ല. ഇപ്പോൾ ഇന്ത്യാ ഗവൺമെന്റിന്റെ ടൂറിസം വകുപ്പ് അംഗീകരിച്ചിട്ടുള്ള മൂന്നോ അതിനു മുകളിലോ സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്കാണ് ബാർലൈസൻസുകൾ നൽകുന്നത്.

GPM. 2/566/2012—12

LIBRARY ARCHIVES Kerala Legislative Assembly